<u>15 -ാം കേരള നിയമസഭ</u>

<u>2 -ാം സമ്മേളനം</u>

<u>നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 7</u> <u>22-07-2021 - ൽ മറുപടിയ്ക്ക്</u>

<u>പബ്ലിക്ക് പ്രോസിക്യൂട്ടർമാരുടെ നിയമനം</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ.കെ.രമ | | **Shri. P. Rajeeve**<br>**(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | മുൻ സർക്കാരിന്റെ കാലയളവിൽ രാജ്യത്തെ വിവിധ കോടതികളിൽ സർക്കാരിനുവേണ്ടി കേസുകൾ നടത്തുന്നതിനായി പുറമെ നിന്നും നിയോഗിച്ച അഭിഭാഷകരുടെ ഫീസിനത്തിൽ സർക്കാർ ഖജനാവിൽ നിന്നും ചെലവാക്കിയ തുക എത്രയാണെന്ന കണക്ക് ലഭ്യമാണോ; എങ്കിൽ നൽകുമോ; | (എ) | മുൻ സർക്കാരിന്റെ കാലയളവിൽ (31-05-2021വരെ) രാജ്യത്തെ വിവിധ കോടതികളിൽ സർക്കാരിനു വേണ്ടി കേസുകൾ നടത്തുന്നതിനായി പുറമെ നിന്നും നിയോഗിച്ച അഭിഭാഷകരുടെ ഫീസിനത്തിൽ കൈമാറിയ തുക 18,97,89,823/- രൂപയാണ്. |
| (ബി) | സർക്കാർ അഭിഭാഷകർ ഉണ്ടായിട്ടും സർക്കാർ കേസുകൾ വാദിക്കുന്നതിനായി ഇത്തരത്തിൽ പുറമെ നിന്നും അഭിഭാഷകരെ നിയോഗിക്കേണ്ടി വരുന്നതിന്റെ കാരണങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | (ബി) | പ്രത്യേക നിയമ വിഷയങ്ങളെ അടിസ്ഥാനമാക്കിയുള്ള വ്യവഹാരങ്ങളിൽ ആ വിഷയങ്ങളിൽ അവഗാഹവും പ്രത്യേക പ്രവർത്തന പരിചയവുമുള്ള അഭിഭാഷകരുടെ സേവനം ഉപയോഗിക്കേണ്ടതായി വരും |
| (സി) | സംസ്ഥാനത്ത് ഹൈക്കോടതി പ്ലീഡർ മുതൽ കീഴ് കോടതിയിലെ അസിസ്റ്റന്റ് പബ്ലിക് പ്രോസിക്യൂട്ടർമാർ വരെയുള്ളവരുടെ നിയമനത്തിനായി നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ; | (സി) | ഹൈക്കോടതിയിലെയും ജില്ലാ കോടതിയിലെയും മറ്റ് കീഴ് കോടതികളിലെയും സർക്കാർ അഭിഭാഷകരുടെ നിയമനങ്ങൾ 1978-ലെ കേരള ഗവൺമെന്റ് ലോ ഓഫീസേഴ്സ് (അപ്പോയിന്റ്മെന്റ് & കണ്ടീഷൻസ് ഓഫ് സർവ്വീസ്) ആന്റ് കണ്ടക്റ്റ് ഓഫ് കേസസ് ചട്ടങ്ങൾ പ്രകാരമുള്ള യോഗ്യതകളുടെയും 09-08-2019 തീയതിയിലെ സ.ഉ.(കൈ).68/2019/ നിയമം നമ്പർ ഉത്തരവിലെ മാനദണ്ഡങ്ങളുടെയും അടിസ്ഥാനത്തിലാണ് നടത്തുന്നത്. പബ്ലിക് പ്രോസിക്യൂട്ടർമാരുടെ നിയമനങ്ങൾ ക്രിമിനൽ നടപടിക്രമത്തിലെ മാനദണ്ഡങ്ങളും 1978-ലെ കേരള ഗവൺമെന്റ് ലോ ഓഫീസേഴ്സ് (അപ്പോയിന്റ്മെന്റ് & കണ്ടീഷൻസ് ഓഫ് സർവ്വീസ്) ആന്റ് കണ്ടക്റ്റ് ഓഫ് കേസസ് ചട്ടങ്ങളിലെ മാനദണ്ഡങ്ങളും അടിസ്ഥാന മാക്കിയാണ് നടത്തുന്നത്. മജിസ്ട്രേറ്റ് കോടതികളിലെ അസിസ്റ്റന്റ് പബ്ലിക് പ്രോസിക്യൂട്ടർമാരുടെ നിയമനങ്ങൾ Special Rules for the post of Director of Prosecution (Administration), Deputy Director of Prosecution and Senior |

| | | | |
|---|---|---|---|
| | | | Assistant Public Prosecutor, Assistant Public Prosecutor (Senior Grade), Assistant Public Prosecutor Grade I and Assistant Public Prosecutor Grade II, 2018-ൽ പ്രതിപാദിക്കുന്ന യോഗ്യതകളുടെയും മാനദണ്ഡങ്ങളുടെയും അടിസ്ഥാനത്തിൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷനാണ് നടത്തുന്നത്. |
| (ഡി) | പബ്ലിക് പ്രോസിക്യൂട്ടർമാരുടെയും പ്ലീഡർമാരുടെയും നിയമനം രാഷ്ട്രീയ നിയമനം ആകുന്നത് ജനങ്ങൾക്ക് നീതിന്യായ വ്യവസ്ഥയിലുള്ള വിശ്വാസ്യത നഷ്ടപ്പെടുത്തുമെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല |
| (ഇ) | എങ്കിൽ ഈ നിയമനങ്ങൾ മെരിറ്റടിസ്ഥാനത്തിൽ ആക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ? | (ഇ) | പ്രസ്തുത നിയമനങ്ങൾ നിലവിലുള്ള ചട്ടങ്ങളും ഉത്തരവുകളും അനുസരിച്ചുള്ള നിയമനങ്ങൾ ആകയാൽ ടി നിയമനങ്ങൾ മെരിറ്റടിസ്ഥാനത്തിൽ തന്നെയുള്ളവയാണ്. |

സെക്ഷൻ ഓഫീസർ